
ഇ -തോപ്പ്
ദീനുൽ ഇസ്ലാം സഭ ഗേൾസ്
ഹയർ സെക്കൻെറി സ്കൂൾ
little
KITEs


D I S GIRLS H.S.S
DIS
KIDS


D I S GIRLS H.S.S
DIS
KIDS


D I S GIRLS H.S.S
DIS





# ഇ-താളുകളിൽ


സന്ദേശം................................................3
രുവൽ സ്പർശം................................................4
ഓർമ്മയിൽ ഒരു മഴ................................................7
മാറു(റ്റു)ന്ന കാലവർഷം................................................8
ഞാൻ സ്വന്തം വയലിൻ ................................................9
14 നവംb ബർ 2018................................................10
അയവിറക്ക്…................................................10
കാണാമറയത്ത്................................................13
ഓർത്തെടുക്കാം…................................................13
ശ്യാമ സുന്ദര കേരളം................................................15
മിന്നും താരങ്ങൾ................................................17
റോബോ വാഷ്................................................18
ഓ.... ഓഖി ................................................20
അത്തിമരം................................................21
മാമരം................................................23
പോസ്റ്ററുകൾ................................................24
കോപം................................................24
എന്റെ യാത്ര അനുഭവം................................................25
നിറക്കൂട്ട്................................................27
കടപ്പാട്................................................28

"ലോകം ബഹുരൂപത്തിൽ  മാറിക്കൊണ്ട് ഇരിക്കുകയാണല്ലോ? അറിവുകളും അനുഭവങ്ങളും സർഗാത്മക ആവിഷ്കാരങ്ങളുമെല്ലാം പ്രിൻറ് മീഡിയകളിൽ  കൂടി ഏറെ പ്രചരിക്കുകയാണ് .പുതിയ കാലത്തിൻെറ തുറന്ന വാതിലുകളായി ഇൻെറർനെറ്റ് മാറിക്കഴിഞ്ഞു.

വിദ്യാഭ്യാസ  സമ്പ്രദായത്തെ നവീകരിക്കാനും പഠനത്തെ ലഘൂകരിക്കാനും കഴിവിനെ പുറത്തേക്ക് വ്യാപിപ്പിക്കാനും വിവര സാങ്കേതിക വിദ്യ വഹിച്ച പങ്ക് വലുതാണ് .

കണ്ടുപിടിത്തങ്ങളുടെ ലോകത്ത് കുരുന്നുകൾ വളരുന്നത്  ഡിജിറ്റൽ മടിത്തട്ടിലാണ് .ഓരോ കാലവും വളർച്ചയുടെ കൊടിമുടികൾ തോട്ടുനീങ്ങുമ്പോൾ, വരും തലമുറ ഇ -വേൾഡ്  സാങ്കേതിക വിദ്യയുടെ ചിറകിൽ പറക്കട്ടെ എന്ന് ആശംസിക്കാം......പ്രതീക്ഷിക്കാം.....

-എഡിറ്റർ

# സന്ദേശം



കണ്ണൂർ ഡി. ഐ. എസി ലെ ഇ-മാഗസിനിലേക്ക് സ്വാഗതം.ലോകം വളർച്ചയുടെ ചിറകിൽ പറന്നുകൊണ്ടിരിക്കുകയാണ്. വിവര സാങ്കേതിക വിദ്യയുടെ അവിസ്മരണീയ സാന്നിധ്യത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായ ഇ-മാഗസിനിൽ ഡി.ഐ.എസ് .ജി.എച്ച്.എസ്.സ്കൂളിൽ വിദ്യാർത്ഥികളുടെ കൂട്ടായ്മ സന്തോഷ- പ്പെടുത്തുന്നു. ഡിജിറ്റൽ ഓളങ്ങളായി ഒഴുകുന്ന ഈ കാലത്ത് വിദ്യാർത്ഥികൾക്ക് അവരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു

ഡി.ഐ.എസ് കാലാന്തരമായി അറിയപ്പെടുന്നത് തോപ്പിൽ സ്കൂൾ എന്നാണ്.അറിവുകളുടെയും കുഞ്ഞു കുഞ്ഞു രചനകളുടെയും ഈ തോപ്പിലേക്ക് (ഇ-തോപ്പ്) വായനക്കാരുടെ നോട്ടം പതിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഒപ്പ്

( )

കെ. എം സാബിറ

# തൂവൽ സ്പർശം

ഹബീബ

ദൈവമേ !!.. മനസ്സിൽ നിന്നും പെരുമ്പറ കൊട്ടുന്നു. ഹൃദയമിടിപ്പിന്റെ ശക്തി കൂടി കൂടി വരുന്നു. ശബ്ദം പുറത്തെങ്ങാനും കേൾക്കുന്നുണ്ടോ. ഉമ ബസ് സ്റ്റോപ്പിൽ നിന്നും കണ്ണുകൾ കൊണ്ട് വെട്ടം പിടിച്ചു. ഇല്ല... ആരും തന്നെ ശ്രദ്ധിക്കുന്നില്ല...എവിടെയും ഒന്നിനെയും ശ്രദ്ധിക്കാതെ എനിക്ക് എവിടെയാണ് താളം പിഴച്ചത്?.. എന്നിട്ടും....അവന് എന്നോട്....



ബസ് സ്റ്റോപ്പിലെ നിത്യ സന്ദർശകരെല്ലാം ഉണ്ട്. സിമിയും ഗോമതിയും ഷെരീഫയും. സിമി എന്തോ തുടങ്ങി വെച്ചത്ആണ്. പക്ഷെ ഗോമതിയുടെ കണ്ണ് ഷെരീഫയുടെ കയ്യിലും കഴുത്തിലും അണിഞ്ഞ പുതിയ ഡിസൈൻ സ്വർണത്തിലേക്കാണ്.കോർപറേഷനിലെ സെക്ഷൻ നമ്പർ -3 ലെ ക്ലാർക്ക് ആണ് ഷെരീഫ. കല്യാണം കഴിഞ്ഞ് ഒരു മാസത്തെ ലീവ് നു ശേഷം ആദ്യമായാണ് ഓഫീസിൽ വന്നത്. ´ആര് തന്നതാ ?' , 'എത്ര പവനാ ?'....... അങ്ങനെ നീണ്ട കുറേ ചോദ്യ ശരങ്ങൾ. ഉമ കരുതി ഭാഗ്യം, എന്നോട് സംസാരത്തിനു വരില്ലല്ലോ.... ഒന്നും ശ്രദ്ധിക്കാൻ പറ്റുന്നില്ല മസ്സിൽ വേനൽ മഴ പെയ്തപോലെ,ഒരു തരാം തണുപ്പ്.

ഹോണടി കേട്ടാണ് ഉമ തല ഉയർത്തി നോക്കിയത്. അയ്യോ !!!! ഡ്രൈവർ രാജപ്പൻ തന്റെ സമ്മതത്തിനായി കാത്ത് നിൽക്കുന്നു. സായഹ്നത്തിലെ ചെറിയ തിരക്കേ ഉണ്ടായിരുന്നുള്ളൂ. എങ്കിലും എന്നും കയറുന്ന ബസ്സാണ്. വാചാലമായ കൂട്ടുകാരെ നോക്കി ഉമ ബസ്സിൽ കയറാൻ തിടുക്കം കൂട്ടി.സ്ത്രീകളുടെ സീറ്റൊന്നും ഒഴിവില്ല. പിന്നിലെ സീനിയർ സിറ്റിസൺ എഴുതി വെച്ച സീറ്റുണ്ട്. സാരമില്ല സീനിയർ എങ്കിൽ സീനിയർ....നിൽക്കാൻ കഴിയില്ല .മനസ്സിൽ വല്ലാത്തൊരു താളം കൊട്ട് ......

സീറ്റിലിരുന്ന് പുറകോട്ടുട്ടേക്കു ചാരി, തണുത്തകാറ്റ്... എങ്ങും വസന്തത്തിൻതെ ഗന്ധം .....കണ്ണുകൾ പാതിഅടച്ച ഉമ വീണ്ടും വീണ്ടും ആ രംഗം ഓർത്തെടുത്തു. സൂപ്രണ്ടായിരുന്നിട്ടും ആരെയും വേദനിപ്പിച്ചിരുന്നില്ല .സ്റ്റാഫിനോടക്കെ വാക്കുകൾ ആവശ്യത്തിന് മാത്രം, ആരോടും അത്ര മേൽ അടുത്തിരുന്നില്ല. ദേവൻ, അതാണ് അവന്റെ പേര് ...പുതിയ LDC ആണ് . ഒരു മാസമേ ആയുള്ളൂ ജോയിൻ ചെയ്തിട്ട്. കാണാൻ നല്ല പ്രകൃതം. എല്ലാവരോടും


ഇ–തോഷ്

സൗമ്യമായ പെരുമാറ്റം... ജോയിൻ ചെയ്തു ലഡ്ഡു വിതരണം നടന്ന ദിവസ്സം.. തനിക്കുള്ള ലഡ്ഡു തരാനായി തന്റെ റൂമിൽ വന്നപ്പോൾ എന്തോ ഒരു ഉൾവിളി പോലെ, അടുത്ത ആരോ .... പക്ഷെ കൂടുതൽ അടുക്കാൻ ഉമയ്ക്ക് താൽപര്യമില്ലായിരുന്നു. നിർവികാരത അവളെ കുഴിച്ചു മൂടിയിരുന്നു.

എങ്കിലും ദേവൻ ഉമയ്ക്കരികില് എത്തിയാൽ എന്തോ ഒരു സ്വാതന്ത്ര്യം അയാൾക്കുണ്ട്...പക്ഷെ ഉമ അത്ര ഗൗനിച്ചിച്ചിരുന്നില്ല. ഇന്ന് ശ്യാം മോഹൻ ലീവായിരുന്നു. ശ്യാം ആണ് എകൗണ്ടിൽ. ഭാര്യയുടെ അനുജന് പെണ്ണ് കാണാൻ പോയെന്നാണ് അമദ പറഞ്ഞു കേട്ടത്. നിർബന്ധമായി മേൽ ഓഫീസിൽ എത്തിക്കേണ്ട ഫയൽ ഉള്ളത് കൊണ്ട് ഉമ ദേവനെ സഹായത്തിനായി വിളിപ്പിച്ചു. അകൗണ്ട് ബാലൻസ് ആവുന്നില്ല. കൂട്ടിയും കിഴിച്ചും സമയം പോയതറിന്നില്ല. ഇടക്കേപ്പൊയോ അറിയാതെ അയാളുടെ ഇടത് കൈ തന്റെ വലതു കൈയ്യിൽ മേൽ വച്ച് പോയി.... പക്ഷെ അയാൾ ആ സന്ദർഭം നന്നായി മുതലെടുത്തു. അയാളുടെ മനസ്സിന്റെ ചെപ്പിൽ സൂക്ഷിച്ചിരുന്ന സ്നേഹ സിന്ദൂരം പുറത്തേക്കൊഴുകി.മനപ്പൂർവം ഇടതു കൈ കൊണ്ട് ഉമയുടെ കൈ പൊക്കി വലത്തെ കൈ കൊണ്ട് വലയം തീർത്തു.... എന്തെങ്കിലും ചെയ്യാൻ തുനിയും മുമ്പേ അയാളുടെ തടിച്ച ചുവന്ന ചുണ്ടുകൾ അവളുടെ തണുത്ത വലം കയ്യിൽ അമർത്തി ചുംബിച്ചു .... ഉമ പെട്ടന്ന് പരിസരബോധം വീണ്ടടുത്തു കൈ പിൻവലിച്ചു. മനസ്സിൽ ആരുമറിയാതെ പളുങ്കു ചെപ്പ് വീണടന്നുവോ?!

ചെയ്തത് അസംബന്ധമായെന്ന തോന്നി അയാൾ വേഗത്തിൽ സൂപ്രണ്ടിന്റെ മുറിക്ക്പുറത്തിറങ്ങി തന്റെ സീറ്റിൽ കയറിയിരുന്നു. ആരെങ്കിലും കണ്ടുവോ???... 'ഇല്ല' എന്ന് തോന്നിയത് കൊണ്ടാവാം മറ്റു കസേരകൾക്ക് പിടികൊടുക്കും മുമ്പേ ലഡ്ജർ ബുക്കിലേക്ക് കണ്ണുകൾ പൂഴ്ത്തിവച്ചു.അഞ്ചു മണിയായപ്പോൾ ഉമ ഓഫീസ് വിട്ടിറങ്ങി.പക്ഷെ അപ്പോഴും ദേവൻ ലഡ്ജറിൽ തന്നെയായിരുന്നു.

വിവാഹാലോചനകൾ ഒന്നും നടക്കാതായപ്പോഴും ജാതകദോഷമാണെന്ന് വിധിയെഴുതിയ കണിശക്കാരനും അറിയില്ലല്ലോ ഒരു സ്ത്രീയുടെ പിടയുന്ന മനസ്സ്. തന്റെ സ്വപ്നങ്ങളെല്ലാം തന്നിൽ തന്നെ കഴിച്ചു കൂടി ആർക്കും പിടി കൊടുക്കാതെ നടന്നകലുകയാണ് എല്ലായ്പോഴും. പക്ഷെ കഴിച്ചേ മൂടിയ കല്ലറയ്ക്ക് കിളിവാതിൽ വച്ചുവോ?! അതോ സ്വപ്നങ്ങൾ പതച്ചു പൊങ്ങിയതാണോ?! മനസ്സ് നാളേയാകാൻ കാതോർത്തിരിക്കുന്നപോലൊരു തോന്നൽ... മനസ്സിൽ വീണ്ടും തണുത്ത കാറ്റ് വീശി.... പുതിയൊരു വസന്തത്തിന്റെ ഇളം തലോടൽ....
കണ്ടകൂർ തട്ടി വിളിച്ചപ്പോഴണ് ബസ് മുക്കിയും മുരണ്ടും തന്റെ സ്റ്റോപ്പിലാണെന്ന് മനസ്സിലായത്.അയാളെ നോക്കി നനുത്ത ചിരിയോടെ ഉമ പുറത്തേക്കിറങ്ങി നടന്നു.പതിയെ ...പതിയെ...പുതുയ വസന്തത്തിലേക്ക് ......


ഓർമയിൽ ഒരു മഴ
രാവിലെ എഴുന്നേല്ക്കുമ്പോഴേക്കും കേൾക്കുന്ന ചറ പറ ശബ്ദം കണ്ണും തിരുമ്മി എഴുനേൽറ്റു.
എന്താണപ്പാ !! വേഗത്തിൽ ജനാലവഴി നോക്കി മുറ്റം നിറയെ വെള്ളം മനസ്സിൽ കുളിർ
കാറ്റ് വീശി ഹോ ! എന്തോരു തണുപ്പ് പുറത്തു തേന്മാവിൽ കാക്കകൾ കൂനി കൂടി ഇരിക്കുന്നു
ഓല തുമ്പിൽ നിന്നും ഞാനാദ്യം എന്ന കണക്കേ വെള്ളത്തുള്ളികൾ താഴേ തിരിന്നോക്കി ക്ക്
ചാടുന്നു. ഞാൻ വേഗത്തിൽ പല്ല് തേച്ചു. ഉമ്മറക്കോലായിൽ അറ്റത്തിരുന്നു. കസേരയിൽ
ഇന്നലത്തെ പത്രമുണ്ട്. ഞാൻ വേഗം കിറിയെടുത്തു. തോണി ഉണ്ടാക്കി. ഒന്ന്,
രണ്ട് ,മൂന്ന് ,മൂന്നെണ്ണം മതി. ഈർക്കിൽ നടുവിലായി കുത്തി. ചെറിയ പേപ്പർ ഈർക്കിലൂടെ
എടുത്തു കൊടിയും പൂർത്തിയാക്കി. മുറ്റത്തേക്കിറങ്ങി നല്ല വെള്ളത്തിന്റെ ഒഴുക്കുള്ളിടത്തേക്ക്
പോയി. ഇടക്കിടെ തിരിഞ്ഞു നോക്കി. ആരെങ്കിലും വരുന്നുണ്ടോ എന്ന് ഇല്ല ! ആരുമില്ല.
മൂന്ന് തോണിയും ഒന്നിച്ചിറക്കി. തലയാകെ നനഞ്ഞു. ഓടി കൊലയിലേക്കു കയറിയെതും
ടപ്പേന്ന് അടിവീണതും ഒപ്പം ഒന്നും മനസ്സിലായില്ല. അടിയുടെ ശക്തിയിൽ താഴെ വീണു
പോയി. അമ്മ വടിയുമായി നിൽക്കുന്നു. ജനാലയിലൂടെ പുറത്തേക്കു നോക്കിയ ഞാൻ എന്റെ
വയസ്സായ കൈകാലുകൾ ഒന്നും കൂടി സ്പർശിച്ചു. എന്റെ ബാല്യം കൗമാരം എല്ലാം
നഷ്ടപ്പെട്ടിരിക്കുന്നു. എന്റെ ഓർമ്മയിലിന്നും ആ മഴ ചാറപറ പെയ്യുന്നു

ഇ-തോപ്പ്

# മാറു(റ്റു)ന്ന കാലവർഷം

അഭിമാനം പകരുന്ന പിറവിയുടെ ഓർമയും, വരുംകാലത്തെ കുറിച്ചുള്ള സ്വപ്നത്തിന്റെ തെളിമയുമായി ജാതി-മത-വർഗ വിവേചനമില്ലാതെ ഒത്തൊരുമയുടെ ഈ പുതിയ കേരളം . നാം, ചെയ്ത തെറ്റുകൾക്കുള്ള ദൈവത്തിന്റെ തിരിച്ചടിയായി നമുക്കീ പ്രളയത്തെ കണക്കാക്കാം . ക്യാമ്പുകൾ,...... അവിടെ ജാതിമത വ്യത്യാസമോ, ദരിദ്രരോ സമ്പന്നരോ എന്ന വ്യത്യാസമോ ഉണ്ടായിരുന്നില്ല. എല്ലാവരും ഒരൊറ്റ കുടുംബങ്ങളായി താമസിക്കുകയാണ് ഉണ്ടായത്. ദരിദ്രനെന്ന




പാഴ്‌വസ്തുവിനെ ധനികൻ വലിച്ചെറിയുന്ന കാലഘട്ടമുണ്ടായിരുന്നു. എന്നാൽ പ്രളയാനന്തര കേരളത്തിന് ശേഷം ദരിദ്രരെന്നും ധനികരെന്നും ഇല്ലാതായി. അഭിമാന പ്രശ്നം കാരണം അമ്മയെയും അച്ഛനെയും തെരുവിലേക്കും വൃദ്ധസദനത്തിലേക്കും പടിയിറക്കിയ മക്കളും തെരുവിൻെറ മക്കളായി.

ഈ പ്രളയത്തിന് ശേഷം ഏതൊരാളിന്റെയും സ്വപ്നമായ കിടപ്പാടം നശിച്ച് മണ്ണടിഞ്ഞ് തെരുവിൽ നിൽക്കുന്ന അവസ്ഥയാണ് ഉണ്ടായത്. ചെറിയവരെന്നോ വലിയവനെന്നോ വ്യത്യസമില്ലാതെ പലരും പ്രളയം കെടുതിക്ക് ഇരകളായി. രക്ഷാപ്രവർത്തകർ ഇല്ലായിരുന്നെങ്കിൽ പലരുടെയും ജീവൻ അപകടത്തിലായേനെ. മൽസ്യത്തൊഴിലാളികൾ ജീവൻ പണയം വെച്ചുകൊണ്ടാണ് രക്ഷിച്ചത്.




ഒരു ജാതി ഒരു മതം ഒരു ദൈവം, മതം ഏതായാലും മനുഷ്യർ നന്നായാൽ മതി എന്ന ശ്രീ നാരായണ ഗുരുവിന്റെ വചനം ഈ പ്രളയത്തിൽ ഓർക്കാനായി.

സന
IX F

# ഞാൻ സ്വന്തം വയലിൻ .......



*കാർമേകത്തിനുള്ളിലായ്*
*മഞ്ഞു മറഞ്ഞു പോയി ......*
*ഈണങ്ങൾ തൻ സ്വന്തം ഉദയ സൂര്യൻ*
*മാന്ത്രിക തന്ത്രികൾ മീട്ടും കൈ നിശ്ചലം*
*എങ്ങോ പോയെൻ താന്ത്രിക കോകിലം*
*അശ്രു കണങ്ങൾ അണ പൊട്ടിയൊഴുകവേ*
*അറ്റു പോയ കമ്പിതൻ നിശ്ചലം*
*വെള്ളയിൽ പൊതിഞ്ഞ നീ അറിയാതെ*
*ഞാൻ അവസാനമായ് നിൻ നെഞ്ചോട് ചേർന്ന്*
*എൻ തന്ത്രികൾ നിന്നെ കുലുക്കി വിളിച്ചെങ്കിലും*
*ആരോരുമറിഞ്ഞിലെൻ മൗനാന്തരാഗം*
*എന്നെ  തലോടാൻ എൻ വീണമീട്ടാൻ*
*വരില്ലന്നുള്ളതെൻ ആത്മ ദുഃഖം ............*

**ഷബാന**
**IX F**



**സെൻഹ**
**IX B**

## *14 നവംബർ 2018*

ശിശുദിനം.... നമ്മുടെ സന്തം ചാച്ചാ നെഹ്റുവിൻെറ ജന്മദിനം.
കുട്ടികളെ സ്നേഹിക്കുകയും ലാളിക്കുകയും ചെയ്ത ഇന്തയിൽ പ്രഥമ പ്രധാനമന്ത്രി ആയിരുന്ന നെഹ്റുവിന് തൻെറ ഭാവിയെകുറിച്ച് നിറമുള്ള സ്വപ്നങ്ങളായിരുന്നു.
റോസാപ്പൂവിന്റെ നൈർമല്യത്തോടെ നാം എന്നും ചാച്ചാജിയെ ഓർമിക്കുന്നു....


# അയവിറക്ക്.....

ഷഹാന
IX E

ജാതിയെന്നോ  മതമെന്നോ നോക്കാതെ എല്ലാവരും ഒറ്റക്കെട്ടായി നിന്നു.സ്കൂളിൽ പോകാനോ മറ്റോ കഴിയാതായി. പുസ്തകങ്ങളും ബാഗും കുടയും എല്ലാം വെള്ളത്തിൽ ഒലിച്ചു പോയി. അതിനാൽ സ്കൂളുകൾക്കു കുറെ ദിവസം അവധിയുമായി. ദുരിദാശ്വാസ്സ  ക്യാമ്പുകളിലാണ് ആളുകൾ താമസിച്ചിരുന്നത് .ഒരു നേരത്തെ ഭക്ഷണം പോലും കിട്ടാൻ പ്രയാസമായിരുന്നു. പ്രളയത്തിൽ കുടുങ്ങിയ ജനങ്ങളെ രക്ഷിക്കണമെന്ന മനസ്സായിരുന്നു എല്ലാവർക്കും.

കേരളം രണ്ടാം ജന്മം ആകട്ടെ, ......എന്തിനെയും ഒറ്റക്കെട്ടായി നേരിടാമെന്നു കാണിച്ചു തന്ന കേരളീയർക്ക് കേരള പിറവി ആശംസകൾ.നമ്മൾ മരങ്ങൾ എല്ലാം വെട്ടി മാറ്റി, വലിയ വലിയ വീടുകളും കെട്ടിടങ്ങളും നിർമിച്ചു .പുഴകളിലും മറ്റും മാലിന്യങ്ങൾ വലിച്ചെറിഞ്ഞു.നമ്മുടെ കേരളം നമ്മൾ തന്നെ ഇല്ലതാക്കി .

## ....." നവകേരള സൃഷ്ടിക്കായി നമുക്ക് കൈകോർക്കാം".....






# കാണാമറയത്ത്

എന്നാണ് നെഞ്ചിൽ വിങ്ങുമീനാദം
തിരയുടേതായ-
ഒരു ശബ്ദ സ്വരം.....
കാണാതെ പോയ എൻ
മരണത്തെ ഞാൻ....
അന്ന് കണ്ണ് കുളിർക്കെ
കണ്ട നിമിഷം!

ജീവഹർഷങ്ങളായിരം
വേദനകളായിരം
സന്തോഷങ്ങളായിരം
പൊലിഞ്ഞ് പോയ
ആ നിമിഷമിതോ?!...

ഇന്നെന്റെ കാലം
വിടർന്നു നിൽക്കുന്നു....
കാണാനും ,കേൾക്കാനും
എന്ത് രസം!

**ഹിബ**
**IX A**

# ഓർത്തെടുക്കാം.....

## മലയാള പഴമൊഴികൾ

1 . സമ്പത്തു കാലത് തൈ പത്തു വെച്ചാൽ ആപത്തു കാലത്ത് കാപത്തു തിന്നാം .
2 . അഴകുള്ള ചക്കയിൽ ചുളയില്ല .
3. അധികമായാൽ അമൃതും വിഷം .
4. അത്യാഗ്രഹം ആപത്ത് .
5. അതിമോഹം കുടികെടുത്തും .
6. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട .
7. ശക്തി മാത്രം പോരാ യുക്തിയും വേണം .
8. വലിയവന്റെ പോന്നെടുക്കാൻ എളിയവന്റെ പറ വേണം .
9. മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും .
10. വിനാശകാലേ വിപരീത ബുദ്ധി .
11. വെളുക്കാൻ തേച്ചത് പാണ്ടായി.
12. വേണമെകിൽ ചക്ക വേരിലും കായിക്കും.
13. വിദ്യാധനം സർവാദനാൽ പ്രാധാനം.
14. അടി തെറ്റിയാൽ ആനയും വീഴും.
15. അനുഭവമാണ് മഹാ ഗുരു.
16. അറിയാത്ത പിള്ളയ്ക്ക് ചൊറിയുമ്പോൾ അറിയും.
17. ചെമ്മീൻ ചാടിയാൽ മുട്ടോളം പിന്നെയും ചാടിയാൽ ചട്ടിയോളം.

**അരുണിമ**
**IX A**




# ശ്യാമ സുന്ദര കേരളം




ശ്യാമ സുന്ദര കേര കേരാന്തര കേരളം...
ജീവിത ഫല ധാന്യ സമ്പന്ന കേരളം...
മാനവർക്ക് മഹിമ നൽകിയ കേരളം...
ശ്യാമ സുന്ദര കേരളം.....

കേളി കൊട്ടുയരുന്ന കേരളം....
കേളി കദംബം പൂക്കും കേരളം ....
കേരം തിളങ്ങുമീ കേരളം....
ശ്യാമ സുന്ദര കേരളം.........



**സന**
**IX F**

# മിന്നും താരങ്ങൾ


സംസ്ഥാന സ്കൂൾ
പ്രവൃത്തിപരിചയമേളയിൽ
ഫ്രൂട്ട് പ്രസർവേഷനിൽ
A Grade നേടിയ
അംന അമാനുള്ള


സംസ്ഥാന സ്കൂൾ
കലോത്സവത്തിൽ
ഉപന്യാസ രചന ഉർദു (HS)
മൂന്നാം സ്ഥാനം നേടിയ
ഹനീന ഹാശിം


സംസ്ഥാന സ്കൂൾ
കലോത്സവത്തിൽ
കഥാരചന ഉർദു (HS)
ഒന്നാം സ്ഥാനം നേടിയ
ഷഹദ സി എച്ച്

# റോബോ വാഷ്

സജിന

NO : 2 സ്നേഹതീരം.

കാർത്യായനി ടീച്ചറുടെ വീട്.... സമയം പുലർച്ചെ 5 മണി. അവിടെ നിന്ന് ഇടക്കിടെ ഉച്ചത്തിൽ പതിവില്ലാതെ അലാറം മുഴങ്ങുന്നു .ടീച്ചറുടെ ഭർത്താവു സദാനന്ദൻ മാസ്റ്റർ മുറ്റത്ത് കൂടെ ഒരു പ്രഭാത സവാരി നടത്തുകയായിരുന്നു. അലാറം കേട്ടപ്പോൾ തന്നെ, എടീ.... എന്ന് വിളിച്ചു നോക്കി. അനക്കമില്ല !! അപ്പുറത്തു നിന്ന് ദേവസ്യ വിളിച്ചു ചോദിക്കുന്നു, എന്താ മാഷെ ടീച്ചർക്ക് സുഖമില്ലേ? അടുക്കളയിൽ വെളിച്ചം കാണുന്നില്ലാലോ ?! അപ്പോഴാണ് മാഷും അത് ശ്രദ്ധിച്ചത്. ശരിയാണല്ലോ?! അവൾക്ക് ഇന്നലെ വരെ ഒരു അസുഖവും ഇല്ലായിരുന്നു, എന്ന് ചിന്തിച്ചു വേഗം കിടപ്പുമുറിയിലേക്കോടി. അവിടെ കണ്ട കാഴ്ച ടീച്ചർ മലർന്നു കിടന്നു ചിരിക്കുന്നു. ഒരു കൈ കൊണ്ട് മൊബൈലിൽ നമ്പറുകൾ വെറുതെ അമർത്തുന്നു. മാഷ് ടീച്ചറിനെ പിടിച്ചു വലിച്ചു കൊണ്ട് പറഞ്ഞു, 5:30 ആയേടി.... നിനക്കിന്ന് മോർണിങ് ക്ലാസ് ഇല്ലേ? എഴുന്നേൽക്കുന്നില്ലേ? പെട്ടന്ന് ടീച്ചർ രണ്ടു കൈ കൊണ്ട് കണ്ണ് തിരുമ്മികൊണ്ട് എഴുന്നേറ്റ് അടുക്കളയിലേക്കോടി. അവിടെന്ന് വർക്ക് ഏരിയായിലോട്ടും ആരെയോ തിരയുന്നു. ടീച്ചറിന്റെ മുഖം ഫ്യൂസ് പോയ ബൾബു പോലെയാകുന്നത് മാഷ് ശ്രദ്ധിച്ചു. എന്താണെന്ന് ചോദിക്കാൻ തുനിന്നതാ... ടീച്ചർ ചോറിന് വെള്ളമെടുത്ത പാത്രം അടുപ്പത്തേക്ക് പാടെ എന്ന് വച്ചത് കണ്ടപ്പോൾ ചോദ്യങ്ങൾ ഒന്നും ഇപ്പോൾ വേണ്ടായെന്ന് തോന്നി. പത്രവായനക്കായി മാഷ് വരാന്തയിലേക്കിറങ്ങി .ടീച്ചർ യാന്ത്രികമായി അടുക്കള ജോലിയിലേക്കും മനസ്സ് ആ സുന്ദര സ്വപ്നത്തിലേക്കും...... സ്വപ്നം മറ്റൊന്നുമായിരുന്നില്ല, തലേന്നാണ് ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്കുള്ള റോബോട്ടിക്സ് പരിശീലനത്തിന്റെ മുന്നോടിയായി ടീച്ചറിന് ക്ലാസ് ലഭിച്ചത് . സോഫിയ , അസിമോ , മാധവ് ...... തുടങ്ങിയ റോബോട്ടുകളുടെ പ്രകടനം വിഡിയോയിൽ കണ്ട ടീച്ചർ ആലോചിക്കുകയായിരുന്നു. ഈശ്വരാ ..................എനിക്കും പാത്രം കഴുകുന്ന ഒരു റോബോട്ടിനെ കിട്ടിയിരുന്നെങ്കിൽ?! എന്നും സ്കൂൾ ജോലി കഴിഞ്ഞു ക്ഷീണിച്ചു വരുന്ന ടീച്ചറിനും അടുക്കളയിലെ എച്ചിൽ പാത്രങ്ങൾ തന്നെ നോക്കി പുച്ഛത്തോടെ ചിരിക്കുന്നോ എന്ന് തോന്നുമായിരുന്നു അങ്ങനെ റോബോവിനെ ചലിപ്പിക്കാനോ പ്രോഗ്രാം സ്വപ്നത്തിൽ മെനയുകയായിരുന്നു അവർ....

TURTLE MOTION

MORE AND DRAW

FORWARD i fd (120 )

ഇങ്ങനെ തന്റെ അടുക്കളയുടെ കൃത്യമായ കണക്ക് FEED ചെയ്ത് റോബോവിനെ സ്റ്റാർട്ട് ചെയ്യിക്കാനായിരുന്നു MOBILE അമർത്തിയത് . അപോഴാണ് മാഷ് വന്ന് കൈ പിടിച്ചു വലിച്ചത് ആ റോബോവിനെയാണ് ടീച്ചർ അടുക്കളയിൽ തിരുന്നത് ?! അപ്പോഴേക്ക് മാഷ് പുറത്തുനിന്നും

വിളിക്കുന്നുണ്ടായിരുന്നു, എടിയേ...... ചായ.... ചായ എടുത്ത് പുറത്തേക്ക് നടക്കുമ്പോൾ ടീച്ചർ വീണ്ടും ചിന്തിച്ചു. ഈ മാഷിന് ചായ കൊടുക്കുന്ന റോബൊവായിരുന്നു ആദ്യം വേണ്ടത് ..................!



# ഓ .... ഓഖി .....

പതിയുറക്കത്തിൽ ചാടിയെണീറ്റ
സമയം പോയതറിയാതെ
ഭക്ഷണപ്പൊതിയും വെള്ളവും
തോൾ സഞ്ചിയിൽ തിരുകവേ- പെട്ടെന്ന്
ഉൾവിളിയെന്നോണം
തിരിഞ്ഞുനടന്നു തൻപ്രിയതമക്കരികിൽ
അവളറിയാതെ സ്നേഹത്തോടെ
വിളിക്കാതെ വിളിച്ചപ്പോൾ
കണ്ണും തിരുമ്മി പിടഞ്ഞെണീറ്റ്
വല്ലാത്തൊരു നോട്ടത്തിൽ ജാള്യതയിൽ
യാത്ര ചുംബനം കൊണ്ട് മൂടുമ്പോൾ
അറിഞ്ഞീലാ .....ഓഖീ ..........



വൈഷ്ണ
IX C

നീ..........അവനെ സ്വന്തമാക്കുമെന്ന്
മേഘം കറുത്തിരുണ്ടപ്പോൾ
സമയം മുട്ടുകാലിൽ ഇഴഞ്ഞുനീങ്ങി
പെട്ടെന്ന്......കാറ്റേ നീ
കൊടുങ്കാറ്റായി ആഞ്ഞടിച്ചപ്പോൾ
മുറ്റത്തെ നെല്ലി മരത്തിൽ നിന്ന്
കായ്കൾ ഓരോന്നായി
പൂഴിയിലേക്കയന്നിറങ്ങി

തെങ്ങോലകൾ വട്ടത്തിൽ
കാഹളനിർത്തമാടുമ്പോൾ
മേൽക്കൂരകൾ ആകാശത്തിൽ
ചുവടുറപ്പിച്ചു
കുട്ടികൾ പേടിച്ചു നിലവിളിച്ചു
ഒപ്പം കൂറ്റൻ തിരമാലയും
പൂഴിമണൽ അകത്തളങ്ങളിൽ
നിരങ്ങിയാടി
കാരപറ്റാത്ത ആണങ്ങളെയോർത്ത്
പെണ്ണുങ്ങൾ വാവിട്ടു നിലവിളിച്ചു
കൊടുങ്ങാട്ടിൽ നിലവിളി
മാറ്റൊലി കൊണ്ട്
നേരത്തെ വരാമെന്നേറ്റു തൻ
പ്രിയനെവിടെ
കൈക്കുഞ്ഞുമായി പുറത്തേക്കോടി
വീടെന്ന സ്വപ്നം നിലംപതിച്ചതും
ഒപ്പത്തിനൊപ്പം
പിന്നെ പുനരധിവാസകേന്ദ്രത്തിൽ
തിക്കും തിരക്കും ബഹളങ്ങളും
ചാനലുകൾ റിപോർട്ടർമാർ
മന്ത്രിമാർ സമരക്കാർ...
ദിനമോരോന്ന് കഴിയവേ
അമ്മെ നിൻ കോപവും ഓഖീ ....
നിൻ മുരൾച്ചയും ഇരുമ്പണെന് കാതിൽ
ഓർമപ്പെടുത്തലായി
പതിയെ ശാന്തമായി തീരം ഓളങ്ങളിൽ
ശവങ്ങളും പ്രേതങ്ങളും മരിച്ചുജീവിച്ചവരും
പക്ഷെ-നീ മാത്രം എന്തെ എന്നെയും
മോളെയും തനിച്ചാക്കിയിനിയും
കാതോർക്കയാം പൂന്തുറമണ്ണിലിപ്പോഴും ........

## അത്തിമരം

കാടിന്റെ നടുവിലായി ഒരു വലിയ വൃക്ഷമുണ്ട് .
മതിയാവോളം പഴങ്ങളുള്ള ഒരു വൃക്ഷം.... മഴക്കാലത്തു
പക്ഷികൾക്കൊരാശ്വാസമാകുന്ന സ്ഥലമായിരുന്നത്.

ഒരു ദിവസം കുഞ്ഞിക്കിളി അത്തിമരത്തിന്റെ പൊത്തിലേക്കു പറന്നുവന്നു.മഹാ ദേഷ്യക്കാരനും പിശുക്കനും ആണ് അവൻ. തന്റെ പേടിപ്പിക്കാനുള്ള കഴിവിൽ അവൻ അഹങ്കരിച്ചു. എല്ലാ പക്ഷികളെയും കൊത്തി അവൻ ഓടിക്കും.ദിവസം കഴിയുന്തോറും ഇത് കൂടിവന്നു.
ആർക്കും മരത്തിൽ വന്നു പഴങ്ങൾ ഭക്ഷിക്കാൻ കഴിയാതായി. എല്ലാവരും പൊത്ത് മാറി മറ്റു മരങ്ങളിലേക്കു കൂടുകെട്ടി.
കാലങ്ങൾ കഴിഞ്ഞു....
ഒരു ദിവസം ആ മരത്തിലേക്ക് ദൂരെ നാട്ടിൽ നിന്നും ഭക്ഷണം കിട്ടാതായി ഒരു മഞ്ഞക്കിളി പറന്നു വന്നു. ആ സമയം കുഞ്ഞക്കിളി പൊത്തിൽ ഇല്ലായിരുന്നു.അവൾ മരത്തിൽ കൂടുണ്ടാക്കി മുട്ടയിട്ടു. തിരിച്ചുവന്നപ്പോഴോ ..........?! ദേഷ്യം കൊണ്ട് അലറിയ കുഞ്ഞിക്കിളി കൂട്ടിൽ നിന്നും മുട്ട ഒറ്റ താഴേക്കിടൽ . സങ്കടം കൊണ്ട് കുഞ്ഞികിളിക്കു ഒന്നും പറയാനായില്ല.അവൾ പേടിച്ചു വിറച്ചു മരത്തിൽ നിന്നും പറന്നു പോയി.
ഈ സമയം മറ്റു കിളികൾ മഞ്ഞക്കിളിയെ സമാധാനിപ്പിച്ച് കൂട്ടിൽ താമസിപ്പിച്ചു.
നല്ല കാറ്റും മഴയും ഉള്ള ദിവസം .......
മഞ്ഞക്കിളി തീറ്റ തേടി പോകുമ്പോൾ ദൂരെനിന്നും ഒരു ശബ്ദം  കേട്ടു.
ആരോ വേട്ടക്കാരന്റെ പിടിയിൽ പെട്ടിട്ടുണ്ട്.....അവൾ പെട്ടന്ന് തന്നെ പറന്നു...... അതാ .....കുഞ്ഞിക്കിളി വലയിൽ .....അവൾ തന്നോട് ചെയ്തതൊന്നും ഓർക്കാതെ പെട്ടന്ന് തന്നെ കുഞ്ഞിക്കിളിയെ രക്ഷിച്ചു.
അതോടെ കുഞ്ഞിക്കിളിയുടെ മോശസ്വഭാവം മാറി. മരത്തിലേക്ക് എല്ലാ പക്ഷികളും വരവായി.പിന്നീടുള്ള കാലം അവർ സന്തോഷത്തോടെ കഴിഞ്ഞു.

ഷബാന
IX F

# മാമരം

മ

മാമരം ഞാനൊരു പാപിയാം ഭ്രുവിൽ
മർത്യനു സ്വന്തമായി പതിച്ചു കിട്ടിയാൽ പിന്നെ
മരകായുസവുമായി എന്നരികിൽ

മ

മരണം എന്നും കൺമുന്നിൽ
മനുഷ്യാ  !!! നിൻ സമ്പത്തെത്ര
മാറിടം കഴിച്ചണോ ഫ്ലാറ്റെന്ന തീക്കനൽ

മ

മമെയ്യും കയ്യും കാലുകളും പിന്നെ
മറ്റൊന്നും വക വെക്കാതെ
മാതൃ ഗർഭത്തിലെ കുന്നു നാമ്പുകൾ വരെ
മരടിക്കും പുറം ലോകം കാണാത

മ

മുടിയും നിൻ വംശം വയ്ക്കാതെ
മുടിക്കും നീ തന്നെ നിൻ പാദമണലും
മാലോക രക്ഷക്കായി ഇനിയും ഉണരുക കൂടെ
മാറ്റൊലിയായി മാറട്ടെ നിൻ ഉറക്കേ ഉള്ള വചനങ്ങൾ



ഷാദിയ
VIII D

# പോസ്റ്ററുകൾ

- പ്രകൃതിയെ സ്നേഹിക്കുന്ന തലമുറ നമുക്ക് വാർത്തെടുക്കാം.
- അശാസ്ത്രീയമായ വികസനം നമുക്ക് നൽകുന്നത് പ്രകൃതിയുടെ കോപം.
- ഉപദേശങ്ങൾ ആരിൽനിന്നും സ്വീകരിക്കാം തീരുമാനങ്ങൾ നമ്മളുടേത് മാത്രം.
- പ്രകൃതിയോട് വികൃതി വേണ്ട.
- പ്രകൃതിയെ കാത്ത് രക്ഷിക്കാം നാളേയ്ക്ക് വേണ്ടി.
- ഒന്നിക്കണം അതിജീവിക്കണം അതിശയിപ്പിക്കണം പടുത്തുയർത്താം.
- ജലം ഒരു വരം.
- മനുഷ്യൻ ഒന്നാണ് ഐക്യം എന്നും നിലനിൽക്കട്ടെ.
- ഒത്തു കൂടാം നവ കേരള സൃഷ്ടിക്കായി.

**വിഷ്ണമയ**
**VIII C**

# കോപം

ഇനി എനിക്ക് എത്തി
എടുത്തുറങ്ങാം
ഞാൻ എത്തിയാൽ...
കെടുന്ന വിളക്കുകൾ എല്ലാം!
ഞാനാണ് ജലം എന്നാൽ
ജലം ഒരു വരം ........
മനുഷ്യൻ ചെയ്ത
ക്രൂരതയാണ് ഫലം

എതിരേൽകാം
നല്ല നാളേക്കായ്...
കൈ വിടാതെ സൃഷ്ടിയ്ക്കാം
ഇനി ഉള്ളത് പുനർജന്മം
കഴിഞ്ഞത് പ്രകൃതിയുടെ
കോപം

**മുഹ്സിന**
**VIII B**

# എന്റെ യാത്ര അനുഭവം...

യുസ്റ
IX C

കഴിഞ്ഞ മാസം 27 തിങ്കളാഴ്ച.... എന്റെ കുടുംബത്തോടൊപ്പം ഒരു വിനോദസഞ്ചാര യാത്ര. വയനാടും ഊട്ടിയും സന്ദർശിക്കാൻ അച്ഛൻ തീരുമാനിച്ചു . അന്ന് രാത്രി മുതൽ, പോകുന്നത് വരെ എനിക്കും എന്റെ സഹോദരങ്ങൾക്കും ഉറക്കമുണ്ടായിരുന്നില്ല. എങ്ങനെ ഒക്കെയോ രാവിലെ ആക്കി. രാവിലെ പുലർച്ചെ 4 മണിക്ക് അമ്മയെയും അച്ഛനെയും എഴുന്നേൽപ്പിച്ചു. യാത്രക്കുള്ള ഒരുക്കങ്ങൾ തുടങ്ങി .

അമ്മ സാൻഡ്‌വിച്ചും റൊട്ടിയും പാക്ക്ചെയ്ത് വണ്ടിയിൽ കൊണ്ട് വച്ചു .അച്ഛൻ തിരക്ക് കൂട്ടി കൊണ്ടിരിക്കുന്നു. അഞ്ചരയോടെ ഞങ്ങൾ വീട്ടിൽ നിന്നിറങ്ങി. എന്റെ ചെറിയ സഹോദരൻ വണ്ടിയിൽ കയറി. അപ്പോൾ തന്നെ അമ്മയുടെ മടിയിൽ കിടന്നുറങ്ങി. ടോം കോഫി ഷോപ്പിൽ നിന്ന് ഞങ്ങൾ ചൂടോടെ വടയും മറ്റ് സ്നാക്ക്സുകളും കഴിച്ചു. അച്ഛൻ ചായ വാങ്ങിയ കാശിന്റെ ബാക്കി ചില്ലറ കൊണ്ട് ഞാൻ മിട്ടായി കഴിച്ചു. അമ്മയും സഹോദരങ്ങളും അവിടെ വേഗം എത്താൻ തിടുക്കം കാണിച്ചു. യാത്ഹ്ര തുടർന്നു......

മാനന്തവാടി ഹോട്ടലിൽ നിന്ന് അമ്മയും എന്റെ സഹോദരങ്ങളും ഊണും ഞാനും അച്ഛനും എന്റെ ഇളയ സഹോദരിയും കൂടി ബിരിയാണിയും കഴിച്ചു. വീണ്ടും യാത്ര തുടങ്ങി, 9 മണിക്ക് വയനാടെത്തേണ്ട ഞങ്ങൾ എത്തിയത് 10 മണിക്ക്. ഒരു മണിക്കൂർ വൈകിയത് ഞങ്ങളെ കൊണ്ടാണെന്ന് പറഞ്ഞുകൊണ്ട് 'അമ്മ ഞങ്ങളെ ശാസിച്ചു. ഞങ്ങൾ കേൾക്കാത്ത മട്ടിൽ നടന്നു. ഞങ്ങൾ വയനാട് വിക്ടറി ഹോസ്റ്റലിൽ ആണ് എത്തിയത്. അവിടെ എന്റെ അമ്മയുടെ ഏട്ടന്റെ മകൻ ജോലി ചെയ്യുന്നുണ്ട്. അവരെ കാണാൻ ആണ് ഞങ്ങൾ ആദ്യം പോയത്. ഞങ്ങൾ ഹോസ്റ്റലിൽ പോയി ഫ്രഷ് ആവുകയും വസ്ത്രം മാറുകയും ചെയ്തു. ശേഷം കുറച്ചു നേരം വിശ്രമിച്ചു.

ഉച്ചക്കുശേഷം ഞങ്ങൾ വയനാട് ബോട്ടാണിക്കൽ ഗാർഡൻ , വാട്ടർ ഫാൾസ് , ബാഖ്നസുറ സാഗർ ടാം ,ചെമ്പ്ര പാർക്ക്, കുറുവ ഐലൻഡ് ,പൂക്കോട് ലൈക് , എടക്കൽ കാവ് അങ്ങനെ മറ്റു വിനോദ സഞ്ചാര കേന്ദ്രങ്ങളിലും പോയി. ആ ദിവസം ഏറെ സന്തോഷമായിരുന്നു .


പിറ്റേ ദിവസം രാവിലെ ഞങ്ങൾ ഊട്ടിയിലേക്ക് യാത്ര ആരംഭിച്ചു . ഊട്ടിയിൽ പോയപ്പോൾ നല്ല തണുപ്പായിരുന്നു. രാവിലെ അവിടെ ഒരു റൂം എടുത്തു എല്ലാവരും കുളിച്ചു ഫ്രഷ് ആയി .ഞങ്ങൾ ബ്രേക്ഫാസ്റ് കഴിച്ചതിനുശേഷം ഊട്ടി വിനോദ സഞ്ചാര കേന്ദ്രമായ ഊട്ടി ലേക് , ഡീർ പാർക്ക് , ഊട്ടി ബോട്ടണിക്കൽ ഗാർഡൻ , കല്ഹാട്ടി വാട്ടർ ഫാൾസ് തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു . നല്ല രസമുണ്ടായിരുന്നു ...അച്ഛൻ നാളെ രാവിലെ പുറപ്പെടും എന്നു അമ്മയുടെ അടുത്ത് പറയുന്നത് ഞാൻ കേട്ട് ,എനിക്ക് വളരെയധികം സങ്കടമായി . വേഗം രാവിലെ ആകരുതെന്ന് ഞാൻ പ്രാർത്ഥിച്ചു !

അങ്ങനെ രാവിലെ ആയി...ആർക്കും എഴുന്നേൽക്കാൻ കഴിയാത്ത തണുപ്പ് .എന്നാലും അച്ഛൻ എഴുന്നേൽപ്പിച്ചു .ഞങ്ങൾ യാത്ര തുടങ്ങി . രാവിലെ ഞങ്ങൾ വീട്ടിൽ എത്തി, ആ ദിവസം വിശ്രമിച്ചു.

പിറ്റേ ദിവസം ഞാൻ സ്കൂളിൽ എത്തി . ടൂറിന്റെ വിശേഷങ്ങൾ ഫ്രണ്ട്സുമായി പങ്കുവെച്ചു. അതിനു ശേഷം ഞാൻ ഇപ്പോൾ വരെ ആഗ്രഹിക്കുന്നു ആ ദിവസങ്ങൾ ഒന്ന് കൂടി കിട്ടിയിരുന്നെങ്കിലോ എന്ന് !.................................................................

# നിറക്കൂട്ട്



# കടപ്പാട്

ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കാൻ  സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ സജ്ന ടീച്ചർക്കും ഷഹനാസ് ടീച്ചർക്കും ഹബീബ
ടീച്ചർക്കും മാഗസിന് പേര് നിർദ്ദേശിച്ച ഷറിൻ ടീച്ചർക്കും ഒരായിരം നന്ദി............

-എഡിറ്റർ












ശ്രമത്തിലാണ്
ഫലപ്രാപ്ത്തിയിലല്ല
സംതൃപ്തിയുളവാക്കുന്നത്
സമ്പൂർണ്ണ ശ്രമം
സമ്പൂർണ്ണ വിജയമാക്കുന്നത്
മഹാത്മാ ഗാന്ധിജി